സെന്ററുകളിൽ 1770 കുട്ടികൾക്ക് പഠിക്കാൻ കഴിയും. 200-ൽ അധികം അദ്ധ്യാപക-അനദ്ധ്യാപകർ ഇവിടെ ജോലി ചെയ്യുന്നുണ്ട്. സർക്കാരിന്റെ നിബന്ധനകൾ പാലിച്ചുകൊണ്ടാണ് ഇവിടെ പ്രവേശനം നടത്തുന്നത്. മറ്റ് ബി.എഡ്. കോളേജുകളിൽനിന്നും വ്യത്യസ്തമായി, വളരെ മാതൃകാപരമായി സർക്കാരിന്റെ നിബന്ധനകൾ പാലിച്ച്, സ്വകാര്യ മാനേജുമെന്റുകൾ നടത്തുന്ന കോളേജുകളേക്കാൾ താരതമ്യേന ഫീസ് കുറച്ചാണ് ഇവിടെ പ്രവേശനം നടത്തുന്നത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അർഹരായ വിദ്യാർത്ഥികൾക്ക് പഠിക്കാനുള്ള ഏക അവസരം നഷ്ടപ്പെടുമെന്നതിനാൽ തുടർന്നും ബി.എഡ്. കോഴ്സ് നടത്താൻ എൻ.സി.ടി.ഇ. അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ സർവ്വകലാശാല സ്വീകരിക്കുന്നതാണ്. അത് ഞാൻ ഈ സഭയ്ക്ക് ഉറപ്പ് നൽകുന്നു.

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: സർ, അങ്ങയുടെ മറുപടിയിൽ ഇത് തടഞ്ഞുനിർത്താനുള്ള സൗകര്യമുണ്ട്. പക്ഷേ പുതിയ അദ്ധ്യയന വർഷം ആപ്ലിക്കേഷൻ കൊടുക്കാൻ കഴിയാത്ത തരത്തിലുള്ള പ്രതിസന്ധികളാണ് കോളേജുകളിലുണ്ടായത്. ഗവൺമെന്റ് കുറച്ചുകൂടി ഗൗരവമായി ഈ പ്രശ്നമെടുക്കണം. കേന്ദ്ര മാനവവിഭവ വകുപ്പുമന്ത്രിയുടെ കീഴിലാണ് ഇതിന്റെ അംഗീകാരമുൾപ്പെടെയുള്ള കാര്യങ്ങൾ വരുന്നത്. ഈ പ്രശ്നം അടിയന്തരമായി കേന്ദ്രമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി അംഗീകാരം നേടിയെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എം. വിജയകുമാർ: സർ, ഇത് ഗൗരവമായി എടുക്കും. ഹ്യൂമൻ റിസോഴ്സസ് മിനിസ്ട്രിയുമായി ബന്ധപ്പെട്ടുകൊണ്ട് അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

(2) നാഷണൽ റൂറൽ ലൈവ്ലിഹുഡ് മിഷൻ പദ്ധതി

ശ്രീ. ജി. കാർത്തികേയൻ: സർ, ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടേയും സഭയുടേയും ശ്രദ്ധയിലേയ്ക്ക് ഒരു പുതിയ കേന്ദ്രാവിഷ്കൃത പദ്ധതിയുടെ കാര്യം പറയുന്നതിനാണ് ഞാൻ ശ്രദ്ധക്ഷണിക്കുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതിയെന്നുപറയുമ്പോൾ കേന്ദ്രം ഞങ്ങളുടേതും സംസ്ഥാനം നിങ്ങളുടേതും എന്ന വാദമുള്ള ആളൊന്നുമല്ല ഞാൻ. രണ്ടും നമ്മുടേതുതന്നെയാണ്. പക്ഷേ സംസ്ഥാന ഗവൺമെന്റിന്റെ അശ്രദ്ധകൊണ്ടും താൽപ്പര്യക്കേടുകൊണ്ടും പല കേന്ദ്രാവിഷ്കൃത പദ്ധതികളും പൂർണ്ണതയിലെത്തുന്നില്ല. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് സ്വയം തൊഴിൽ പദ്ധതി ലഭ്യമാക്കുന്നതിനുവേണ്ടി, സംസ്ഥാനത്തുണ്ടായിരുന്ന ഐ.ആർ.ഡി.പി. പദ്ധതി 1999-2000 സാമ്പത്തിക വർഷം മുതൽ സ്വർണ്ണജയന്തി സ്വറോസ്ഗർ യോജന (എസ്.ജി.എസ്.ആർ.വൈ.) ആയി മാറി. ഇപ്പോൾ അതൊരു പുതിയ പേരിലേക്ക് മാറ്റി ഗവൺമെന്റിന്റെ ഒരു ഗൈഡ്ലൈൻ വന്നു. അങ്ങേക്കറിയാം. ഇപ്പോഴത് എൻ.ആർ.എൽ.എം.(നാഷണൽ റൂറൽ ലൈവ്ലിഹുഡ് മിഷൻ) ആയി മാറി. അതിന്റെ ഡ്രാഫ്റ്റ് ഗൈഡ്ലൈൻ വന്നിട്ടുണ്ട്. സംഘടനാ

LIBRARY ARCHIVES Kerala Legislative Assembly

സ്വാതന്ത്ര്യത്തെക്കുറിച്ച് അതിൽ പ്രധാനമായും പറഞ്ഞിട്ടുണ്ട്. ബഡ്ജറ്റിൽ 16,400 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. കറന്റ് ഇയറിൽ 2984 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കേരളത്തിൽ ഈ പദ്ധതി ഒക്ടോബർ 2-ാം തീയതി മുതൽ നടപ്പിലാക്കുമെന്ന പ്രഖ്യാപനമുണ്ട്.

സർ, ഇതിന് ഒരു സെപ്പറേറ്റ് എന്റിറ്റി വേണമെന്ന് ഡ്രാഫ്റ്റ്ലൈനിൽ വളരെ ക്ലിയറായി പറയുന്നുണ്ട്. അതിനുള്ള സംവിധാനം കേരളത്തിലായിട്ടില്ല. 2016-17 സാമ്പത്തിക വർഷത്തോടുകൂടി ദാരിദ്ര്യം പൂർണ്ണമായും തുടച്ചുനീക്കുന്നതിനുള്ള ഒരു പദ്ധതിക്ക് കേരളത്തിൽ പ്രത്യേക സംവിധാനമൊന്നും ഉണ്ടാക്കിയിട്ടില്ല. നമ്മൾ മുൻപ് ദാരിദ്ര്യ നിർമ്മാർജ്ജനം നടത്തിയത് ഡി.ആർ.ഡി.എ. വഴി താഴോട്ട് ആയിരുന്നു. ഇവിടെ ഇപ്പോൾ എന്താണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്? ഞങ്ങളാരും കുടുംബശ്രീക്ക് എതിരല്ല. കുടുംബശ്രീയുമായി നമുക്ക് ദൃഢമായ ബന്ധമാണുള്ളത്. എം.എൽ.എ. എന്ന നിലയിലും മറ്റു നിലയിലും. കുടുംബശ്രീ സംവിധാനം നന്നായി ഉപയോഗിക്കുന്നു. കുടുംബശ്രീയുടെ സംവിധാനം എന്നുപറയുന്നത് അവിടെ നമ്മൾ സ്റ്റേറ്റ് പോവർട്ടി ഇറാഡിക്കേഷൻ മിഷൻ (സ്പേം) അത് ഗ്രാമ-നഗര വ്യത്യാസമില്ലാതെ നടത്തുന്ന ഒന്നാണ്. അവിടെ ഒരു ബി.പി.എൽ. /എ.പി.എൽ. സംവിധാനം പ്രത്യേകമായിട്ട് ഉണ്ട്. സംവരണ സംവിധാനങ്ങൾ ഇല്ല. ഏത് പാർട്ടിയാണോ ഭരിക്കുന്നത് അവരുടെ താൽപ്പര്യമനുസരിച്ച് വ്യത്യസ്ത ഡിപ്പാർട്ടുമെന്റുകളിൽ നിന്നും ഡെപ്യൂട്ടേഷനിൽ വരുന്ന ആളുകളാണ് ഡിസ്ട്രിക്റ്റ് മിഷൻ കോ-ഓർഡിനേറ്റർമാർ (ഡി.എം.സി.) കുടുംബശ്രീ സംവിധാനം പഞ്ചായത്തുകളിൽ പരിപാടികൾ നടത്തുമ്പോൾ സ്ത്രീകൾ അതിൽ പങ്കെടുക്കുമെന്നല്ലാതെ ദൈനംദിന പ്രവർത്തനങ്ങളിൽ പഞ്ചായത്തുമായി ഡയറക്റ്റായി ഒരു ലിങ്കും കുടുംബശ്രീക്ക് ഇല്ല. അങ്ങനെ വരുമ്പോൾ പ്രത്യേകമായ ആക്റ്റിവിറ്റീസ് അല്ല. 'നാഷണൽ റൂറൽ ലൈവ്ലീഹുഡ് മിഷൻ' പഞ്ചായത്തുകളുമായി നേരിട്ട് ബന്ധമില്ലാത്ത കുടുംബശ്രീയെക്കൊണ്ട് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെങ്കിൽ ആ പരിപാടി എങ്ങനെ പൂർണ്ണതയിലെത്തും? ഒരു കേന്ദ്രാവിഷ്കൃത പദ്ധതി മഹത്തായ ലക്ഷ്യത്തോടുകൂടി വരുമ്പോൾ സംഘാടക തലത്തിലുള്ള തകരാറുകൊണ്ടും ദീർഘവീക്ഷണമില്ലായ്മകൊണ്ടും ഈ പദ്ധതി പരാജയപ്പെടാനിടവരരുത്. മറ്റൊന്നുള്ളത് ഇത്തരം പദ്ധതികൾ എപ്പോൾ വരുമ്പോഴും നമ്മൾ പൈലറ്റ് ജില്ലകൾ എടുക്കാറുണ്ട്. എൻ.ആർ.ഇ.ജി.പി. വന്നപ്പോൾ അന്ന് നമ്മൾ പൈലറ്റ് പ്രേജക്ടിന് രണ്ട് ജില്ലകളെടുത്തു. പാലക്കാടും വയനാടും. അതിനുശേഷം കാസർകോഡും ഇടുക്കിയും വന്നു. പിന്നെയാണ് നമ്മൾ പത്ത് ജില്ലകൾ എടുത്തത്. കാരണം പൈലറ്റ് പ്രോജക്ടായി വന്ന ജില്ലകളിലെ റിപ്പോർട്ട് വന്നതിനുശേഷം മറ്റു ജില്ലകളിൽ ഇത് നടപ്പാക്കി. ഈ സാഹചര്യത്തിൽ ഒക്ടോബർ രണ്ടാം തീയതി ഈ പദ്ധതി ലോഞ്ച് ചെയ്യുമെന്ന് പറയുമ്പോൾ ഗൈഡ്ലൈനിൽ പറയുന്നതുപോലെതന്നെ സെപ്പറേറ്റ് എന്റിറ്റിയുണ്ടാകണം, അതിന് സംവിധാനമുണ്ടാകണം അതല്ലെങ്കിൽ നമ്മുടെ പല കേന്ദ്രാവിഷ്കൃത പദ്ധതികളും പോലെ പൂർണ്ണതയിലെത്തില്ല. ഞാൻ ആവശ്യമില്ലാതെ തുടങ്ങാത്ത

LIBRARY ARCHIVES Kerala Legislative Assembly

ഒരു പദ്ധതിയെപ്പറ്റി ആരോപണം ഉന്നയിക്കുകയില്ല. പക്ഷേ നമ്മുടെ പല കേന്ദ്രാവിഷ്കൃത പദ്ധതികളും അതിന്റെ പൂർണ്ണതയിലെത്താത്തതുകൊണ്ടും നമുക്ക് അനുവദിക്കുന്ന പണം ചെലവഴിക്കപ്പെടാത്തതുകൊണ്ടും എന്തിനുവേണ്ടിയാണോ ആ പ്രോജക്ട് വരുന്നത് അതിന്റെ ഗുണഫലം കിട്ടാത്ത ഒരു അവസ്ഥയിലേയ്ക്ക് വരുന്നു. ഈ അഡ്മിനിസ്ട്രേറ്റീവ് സിസ്റ്റം, ബ്യൂറോക്രസി എന്നുപറയുന്നത് തള്ളിപ്പറയേണ്ട ഒന്നല്ല. നമ്മുടെ ജനാധിപത്യ സംവിധാനത്തിൽ ഉദ്യോഗസ്ഥ സംവിധാനവും ജനാധിപത്യ സംവിധാനവും വേണം. രാവിലെ ചോദ്യോത്തരവേളയിൽ പലരും പറഞ്ഞതു പോലെ ഞാൻ പറയുന്നില്ല. പക്ഷേ പ്രത്യേകമായ താൽപ്പര്യങ്ങളുള്ള ഉദ്യോഗസ്ഥ സംവിധാനങ്ങൾ അങ്ങയെ മിസ് ലീഡ് ചെയ്യുന്നുവെങ്കിൽ അങ്ങ് അത് ശ്രദ്ധിക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) :സർ, കേന്ദ്രാവിഷ്കൃത പദ്ധതികളെ സംബന്ധിച്ച് ഇവിടെ പറഞ്ഞിട്ടുള്ള ഒരു കാര്യം ഞാൻ ആദ്യമേ വ്യക്തമാക്കാൻ ഉദ്ദേശിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർണ്ണമായി നിർവ്വഹിക്കത്തക്കവണ്ണം നടപ്പാക്കാൻ ശ്രമിക്കുന്ന ഒരു ഗവൺമെന്റാണ് സംസ്ഥാനത്തുള്ളത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ തൊഴിലുറപ്പ് പദ്ധതിയെ സംബന്ധിച്ചൊക്കെ പറഞ്ഞല്ലോ. ഇൻഡ്യാ രാജ്യത്ത് കേരളം മാത്രമല്ല 28 സംസ്ഥാനങ്ങളുണ്ട്. അതിൽ വടക്കേ ഇൻഡ്യൻ സംസ്ഥാനങ്ങളിൽ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ ഒന്ന് പരിശോധിക്കണം. ആ രീതിയിലല്ല ഇവിടെ നടപ്പാക്കുന്നത്. ഇവിടെ നമുക്ക് പ്രയാസമുണ്ട്. ആ പ്രയാസം ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ചു. ഇവിടെ പണം ചെലവഴിക്കാനും കൂടുതൽ പേർക്ക് തൊഴിൽ കൊടുക്കാനും സാധിക്കാത്തത് ഗവൺമെന്റിന്റെ അശ്രദ്ധകൊണ്ടല്ല. 300 രൂപ കൂലി കിട്ടുന്ന സമയത്ത് 125 രൂപയ്ക്ക് ജോലി ചെയ്യാൻ മനുഷ്യനെ കിട്ടില്ല, അതാണ് ഒരുവശം. രണ്ടാമത്തെ കാര്യം ഇവിടെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ നിലവിലുണ്ടായിരുന്ന ഒരു പദ്ധതി പുതിയ ഘടനയിലേയ്ക്ക് മാറ്റുകയാണ്. അത് എങ്ങനെ കേരളത്തിൽ ഫലപ്രദമായി നടപ്പാക്കണമെന്നതിനെ സംബന്ധിച്ച് പരിശോധിക്കുന്നതിനായി തദ്ദേശഭരണ വകുപ്പിന്റെ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എനിക്ക് ബഹുമാനപ്പെട്ട മെമ്പറോട് പറയാനുള്ളത് പത്ത് കൊല്ലത്തോളമായി കുടുംബശ്രീ പ്രവർത്തിക്കുന്നു. അഞ്ചുകൊല്ലം നിങ്ങളുടെ ഭരണത്തിലാണ് കുടുംബശ്രീ പ്രവർത്തിച്ചത്. അഞ്ചുകൊല്ലം ഞങ്ങളുടെ കാലത്തും. ഈ പ്രവർത്തന കാലഘട്ടത്തിലൊന്നും രാഷ്ട്രീയപ്രേരിതം എന്ന രീതിയിൽ ആരോപണം വന്നിട്ടില്ല. പിന്നീട് നിങ്ങൾ വേർപിരിഞ്ഞുപോകാൻ ഉദ്ദേശിച്ചു. അപ്പോൾ ഒരു കാരണം കണ്ടെത്തി. കുടുംബശ്രീ സംവിധാനം തൊഴിലുറപ്പ് പദ്ധതിയിലും പഞ്ചായത്തിന്റെ മറ്റ് വിവിധ പദ്ധതികളിലും ഏർപ്പെട്ട് പ്രവർത്തിക്കുന്നത് വളരെ സ്തുത്യർഹമായ രീതിയിലാണ്. അത് ആരെ ഏൽപ്പിക്കണമെന്ന് തീരുമാനിച്ചിട്ടില്ല. ഇതിന്റെ നാനാവശങ്ങൾ പരിശോധിച്ച് ഈ പദ്ധതി നമ്മുടെ സംസ്ഥാനത്ത് നൂറുശതമാനം നല്ല രീതിയിൽ, പ്രയോജനപ്രദമായ രീതിയിൽ നടപ്പാക്കാനാവശ്യമായ സംവിധാനം ഉണ്ടാക്കണമെന്നാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. കാർത്തികേയൻ: കുടുംബശ്രീയുടെ പ്രവർത്തനങ്ങൾക്കെതിരായി ഞാൻ ഒന്നും പറഞ്ഞില്ല. കുടുംബശ്രീയുടെ സംഘടനാപരമായ ഒരു സ്വഭാവം അങ്ങേയ്ക്ക് അറിയുന്ന ഒരു കാര്യമാണെങ്കിലും ഞാൻ എൻ.ആർ.എൽ.എം.-ന്റെ പ്രവർത്തനങ്ങളുമായി ക്ലബ് ചെയ്ത് ഇവിടെ സൂചിപ്പിച്ചതാണ്. ഈ എൻ.ആർ.എൽ.എം. എന്ന് തുടങ്ങാൻ കഴിയുമെന്ന്, ഒക്ടോബർ രണ്ടിന് ഇത് ലോഞ്ച് ചെയ്യാൻ തയ്യാറാണെന്ന് പറഞ്ഞു. അന്ന് ഇത് ലോഞ്ച് ചെയ്യാൻ കഴിയുമോ? അങ്ങനെയാണെങ്കിൽ ഇത് ആരെ ഏൽപ്പിക്കണമെന്ന് തീരുമാനമെടുത്തിട്ടുണ്ടോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: ഇത് സംബന്ധിച്ച് ഒക്ടോബർ രണ്ടാണ് പറഞ്ഞിട്ടുള്ളത്. ഒക്ടോബർ രണ്ടിന് കേരളത്തിൽ ഉടനീളം ഇത് നടപ്പാക്കാൻ ആവശ്യമായ സംവിധാനം തയ്യാറാക്കാനാണ് ഉദ്ദേശിക്കുന്നത്. ഗ്രാമവികസന വകുപ്പാണ് ഐ.ആർ.ഡി.പി. നേരത്തെ നടപ്പാക്കിയിരുന്നത്. അവരെ ഏൽപ്പിക്കണോ അതോ മറ്റു സംവിധാനം വേണോ എന്നുള്ളതിനെ സംബന്ധിച്ച് ഒരു തീരുമാനത്തിൽ അടിയന്തരമായി എത്തുന്നതാണ്.

IV സബ്മിഷൻ

(1) ഇരവിപുരം വാളത്തുംഗൽ കാവുപുറംപോക്ക് ഭൂമിയിലെ താമസക്കാർക്ക് പട്ടയം

ശ്രീ. എ. എ. അസീസ്: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ഇരവിപുരം വില്ലേജിൽ വാളത്തുംഗൽ കാവുപുറംപോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തി വർഷങ്ങളായി സ്ഥിരതാമസക്കാരായ പട്ടികജാതി കുടുംബങ്ങൾക്കും അല്ലാത്തവർക്കും പട്ടയം നൽകുകയും പുറംപോക്കിലുള്ള ക്ഷേത്രസ്ഥലം ക്ഷേത്രഭരണസമിതിക്ക് പതിച്ച് നൽകുകയും ബാക്കി തരിശായിട്ടുള്ള 40 സെന്റോളം സ്ഥലം അന്യാധീനപ്പെട്ടുപോകാതിരിക്കാൻ ഇപ്പോൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഇരവിപുരം പോലീസ് സ്റ്റേഷന് സ്വന്തമായി ആസ്ഥാന മന്ദിരം പണിയുന്നതിന് അനുവദിക്കുകയും ചെയ്യണമെന്നതാണ് എന്റെ സബ്മിഷൻ. ഇക്കാര്യത്തിൽ ജില്ലാ ഭരണകൂടം സർക്കാരിന്റെ അനുമതി തേടിയിട്ടുള്ളതാണ്.

റവന്യൂ വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): ബഹുമാനപ്പെട്ട എം.എൽ.എ. ഉന്നയിച്ച കൊല്ലം താലൂക്കിലെ ഇരവിപുരം വില്ലേജിൽ ബ്ലോക്ക് നമ്പർ 25 -ൽ റീസർവ്വെ 533/1-ൽപ്പെട്ട 50.45 ആർ സ്ഥലം ഇ. റ്റി. ആർ. പ്രകാരം കാവുപുറംപോക്കാണ്. പ്രസ്തുത ഭൂമിയിൽ ശ്രീ. ശിവദാസൻ, കാവിൽവീട്, ഇരവിപുരം എന്നയാളിന്റെ കൈവശത്തിലുള്ള 4.05 ആർ ഭൂമിക്ക് എൽ.എ. 184/95 ആയി പട്ടയം ലഭിച്ചിട്ടുണ്ട്. ശ്രീമതി ഗീതാ കുമാരി, കാവിൽവീട്, ഇരവിപുരം എന്നയാളിന്റെ കൈവശത്തിലുള്ള 2.02 ആർ ഭൂമിക്ക് കൈവശരേഖ നൽകിയിട്ടുണ്ട്. ശ്രീമതി ലളിതയുടേയും മൂന്ന് പെൺമക്കളുടേയും കൈവശത്തിലുള്ള 4.04 ആർ ഭൂമിക്ക് കൈവശ രേഖ ലഭിക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ട്. ഇവിടെയുള്ള